# വേണ്ടെങ്കിൽ മരത്തിലും കായ്ക്കില്ല

**സർക്കാർ** ഉദ്യോഗങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തമിഴ്നാട്ടിലെ പിന്നാക്ക മുസ്‌ലിംകൾക്കും പിന്നാക്ക ക്രൈസ്തവർക്കും സംസ്ഥാന സർക്കാർ മൂന്നര ശതമാനം സംവരണം പ്രഖ്യാപിച്ചിട്ട് ഏറെ കാലമായിട്ടില്ല. കഴിഞ്ഞ സെപ്റ്റംബറിൽ ആ പ്രഖ്യാപനം ഒരു ഓർഡിനൻസായി നടപ്പിലാക്കിത്തുടങ്ങി. ഒക്ടോബറിൽ മുഖ്യമന്ത്രി കരുണാനിധി തമിഴ്നാട് നിയമസഭയിൽ അവതരിപ്പിച്ച 'തമിഴ്നാട് ബാക്‌വേഡ് ക്ലാസ് ക്രിസ്ത്യൻസ് ആന്റ് ബാക്ക്‌വേഡ് ക്ലാസ് മുസ്‌ലിംസ് ബില്ലി'ലൂടെ ആ ഓർഡിനൻസ് സ്ഥിരം നിയമമാക്കി പാസ്സാക്കിയെടുത്തിരിക്കുകയാണ്. തമിഴ്നാട് ഗവൺമെന്റിന് വേണമെങ്കിൽ തങ്ങൾ മുസ്‌ലിം-ക്രിസ്ത്യൻ വിഭാഗങ്ങൾക്ക് സംവരണം നൽകാൻ ഉദ്ദേശിക്കുന്നു എന്നൊരു പ്രസ്താവന നടത്തി മതിയാക്കാമായിരുന്നു. അടുത്ത തെരഞ്ഞെടുപ്പു വരെ ഈ രണ്ടു വിഭാഗങ്ങളെയും കൂടെ നിർത്താൻ അതു മതിയാകും. പക്ഷേ, തമിഴ്നാട് മുഖ്യമന്ത്രിയുടെ പ്രസ്താവനയും ഓർഡിനൻസും ബില്ലുമൊക്കെ കാലവിളംബങ്ങളില്ലാതെ വഴിക്കുവഴി നടക്കുകയായിരുന്നു. ബില്ലവതരിപ്പിച്ചുകൊണ്ട് 'ഇന്ന് തമിഴ്നാടിന്റെ ചരിത്രത്തിൽ ഒരു സുവർണ ദിനമാണെന്നും സാമൂഹിക നീതിയുടെ സാക്ഷാത്കാരത്തിലേക്കുള്ള വിപ്ലവകരമായ ഒരു ചുവടുവെപ്പാണീ ബില്ലെ'ന്നും മുഖ്യമന്ത്രി പ്രസ്താവിച്ചത് അസ്ഥാനത്തല്ല.

37 ലക്ഷം ക്രൈസ്തവരും 34 ലക്ഷം മുസ്‌ലിംകളുമാണ് തമിഴ്നാട്ടിലുള്ളത്. മുസ്‌ലിംകളിൽ 95 ശതമാനവും ക്രൈസ്തവരിൽ 80 ശതമാനവും സംവരണ നിയമത്തിന്റെ പരിധിയിൽ വരും. 142 പിന്നാക്ക വിഭാഗങ്ങളുള്ള തമിഴ്നാട്ടിലെ മൊത്തം സംവരണം 69 ശതമാനമാണ്. മുസ്‌ലിം -ക്രൈസ്തവ വിഭാഗങ്ങളുടെ മൂന്നര ശതമാനവും ഈ 69-ൽ ഉൾപ്പെടുന്നു. മൊത്തം സംവരണം 50 ശതമാനത്തിൽ കൂടാൻ പാടില്ല എന്ന സുപ്രീം കോടതിയുടെ ഉത്തരവ് ഉണ്ടായിരിക്കെത്തന്നെയാണ് തമിഴ്നാട് 69 ശതമാനം സംവരണം നടപ്പിലാക്കിയത്. സംവരണവിരോധികൾ ഈ നടപടിയെ ഭരണഘടനാവിരുദ്ധമെന്നാക്ഷേപിച്ചു കൊണ്ട് കോടതിയെ സമീപിക്കുകയും സംവരണം 50 ശതമാനത്തിലേക്ക് ചുരുക്കണമെന്ന് കോടതി സർക്കാറിനോടാവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ പ്രശ്നം സുപ്രീം കോടതിയുടെ പരിഗണനയിലാണ്. സംവരണ നിയമം ഭരണഘടനയുടെ ഒമ്പതാം പട്ടികയിൽ ഉൾപ്പെടുത്തി കോടതിയുടെ പരിഗണനാപരിധിയിൽ നിന്നൊഴിവാക്കണമെന്നാണ് തമിഴ്നാടിന്റെ വാദം. പക്ഷേ കഴിഞ്ഞ വർഷം സുപ്രീം കോടതിയുടെ ഒമ്പതംഗ ബെഞ്ച് ഈ വാദം അംഗീകരിക്കാൻ തയാറായില്ല. സംസ്ഥാനം സ്വീകരിച്ച സംവരണനിയമം, 1975-ൽ തമിഴ്നാട് സർക്കാർ ജെ.എ അമ്പാശങ്കറിന്റെ നേതൃത്വത്തിൽ നിയോഗിച്ച 'തമിഴ്നാട് പിന്നാക്ക വർഗ കമീഷ'ന്റെ ശിപാർശകളനുസരിച്ച് ആവിഷ്കരിച്ചിട്ടുള്ളതാണെന്നും തമിഴ്നാട് വാദിക്കുന്നു. അമ്പാശങ്കർ കമീഷന്റെ ശിപാർശകൾ മൊത്തം തമിഴ്ജനത സ്വീകരിച്ചിട്ടുള്ളതാണ്.

സംവരണനിയമം കൊണ്ട് തമിഴകത്തെ മുസ്‌ലിംകൾക്കും ക്രിസ്ത്യാനികൾക്കും എന്തു കിട്ടും എന്നത് മറ്റൊരു വിഷയമാണ്. ഇവിടെ പ്രസക്തമായിട്ടുള്ളത് പ്രശ്നം പരിഹരിക്കാൻ സർക്കാർ സത്യസന്ധമായ പ്രായോഗിക നടപടി സ്വീകരിച്ചുവോ അതല്ല പ്രശ്നത്തെ രാഷ്ട്രീയ മുതലെടുപ്പിനുള്ള കരുവാക്കിമാറ്റിയോ എന്നതാണ്. ന്യൂനപക്ഷ പിന്നാക്ക വിഭാഗത്തിന്റെ പ്രശ്നങ്ങളിൽ തങ്ങൾ അവരുടെ കൂടെയാണെന്ന് നടിച്ച് പരിഹാരങ്ങൾ പ്രഖ്യാപിക്കുക, പ്രായോഗികരംഗത്ത് ഒന്നും ചെയ്യാതിരിക്കുക. വല്ലതും ചെയ്യുകയാണെങ്കിൽ തന്നെ അത് വിജയിക്കാതിരിക്കാനുള്ള തന്ത്രങ്ങൾ അതിൽതന്നെ കരുതിവെച്ചിക്കുക. ഇതാണ് മിക്ക സംസ്ഥാനങ്ങളിലും നടന്നുവരുന്ന കളി.

അതിന് വ്യക്തമായ ഉദാഹരണമാണ് ആന്ധ്രയിലെ മുസ്‌ലിം സംവരണത്തിന്റെ ഗതി. തമിഴ്നാടിനേക്കാൾ മുമ്പ് മുസ്‌ലിം സംവരണം പരിഗണിച്ച സംസ്ഥാനമാണ് ആന്ധ്ര. മുസ്‌ലിംകൾക്ക് അഞ്ചു ശതമാനം സംവരണം ചെയ്തുകൊണ്ട് ഓർഡിനൻസ് പുറപ്പെടുവിക്കുകയും ചെയ്തു. അത് പുറത്തുവരേണ്ട താമസം, സംസ്ഥാനം പ്രതിഷേധമുഖരിതമായി. രാഷ്ട്രീയതലത്തിലെ പ്രക്ഷോഭത്തോടൊപ്പം കോടതികളിൽ നിയമയുദ്ധവും തുടങ്ങി. കോടതിയാകട്ടെ ഉടനടി മറ്റു കേസുകളെല്ലാം നിർത്തിവെച്ച് സംവരണക്കേസ് വിചാരണക്കെടുക്കുകയും ഓർഡിനൻസ് നടപ്പിലാക്കുന്നതിൽനിന്ന് സംസ്ഥാന ഗവൺമെന്റിനെ തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. കോടതിയിൽ ചോദ്യം ചെയ്യാൻ പറ്റിയ നിരവധി പാകപ്പിഴകളോടു കൂടിയതാണ് സർക്കാർ തയാറാക്കിയ ഓർഡിനൻസ് എന്നതും ഏറെ ശ്രദ്ധേയമാണ്. സച്ചാർ കമീഷൻ റിപ്പോർട്ടിനോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ സമീപനം മറ്റൊരു ഉദാഹരണമാണ്. യു.പി.എ ഗവൺമെന്റിതാ മുസ്‌ലിം സമുദായത്തിൽ പാലും തേനും ഒഴുക്കാൻ പോകുന്നു എന്ന പ്രതീതി സൃഷ്ടിക്കുന്ന പല പ്രഖ്യാപനങ്ങളുമുണ്ടായി. കമ്മിറ്റികളും സെമിനാറുകളും സിമ്പോസിയങ്ങളും മുറക്ക് നടക്കുന്നു. പക്ഷേ, മുസ്‌ലിം സമുദായത്തിന് എന്തു കിട്ടി? മുമ്പേതന്നെ മുസ്‌ലിംകൾക്ക് സംവരണമനുവദിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. മുസ്‌ലിംകളുടെ സംവരണാനുകൂല്യം ഏട്ടിലേയുള്ളൂ, നടപ്പിലില്ല എന്നു വിളിച്ചോതുന്നതായിരുന്നു നായനാർ ഭരണകാലത്ത് പുറത്തുവന്ന നരേന്ദ്രൻ കമീഷൻ റിപ്പോർട്ട്. സംവരണ നിയമപ്രകാരം പിന്നാക്കക്കാർക്ക് നഷ്ടപ്പെട്ട തസ്തികകൾ നികത്തുന്നതിന് നടപടി ആവശ്യപ്പെട്ടുകൊണ്ടുള്ള മുറവിളി അന്നു തുടങ്ങിയതാണ്. അന്നത്തെ എൽ.ഡി.എഫ് ഗവൺമെന്റോ അതിനു ശേഷം വന്ന യു.ഡി.എഫ് ഗവൺമെന്റോ ഇപ്പോഴത്തെ എൽ.ഡി.എഫ് ഗവൺമെന്റോ ആരും ഈ ആവശ്യത്തിനെതിരല്ല. പക്ഷേ, അധഃസ്ഥിത പിന്നാക്ക വിഭാഗങ്ങളുടെ ഉദ്യോഗനഷ്ടം നികത്തിക്കൊടുക്കാൻ ആർക്കും കഴിയുന്നില്ല.

പിന്നാക്കക്കാരായ മുസ്‌ലിംകളെയും ക്രൈസ്തവരെയും സംവരണ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്ന് ഒരുനാൾ ഇന്ത്യൻ പ്രധാനമന്ത്രി തമിഴ്നാട് ഗവൺമെന്റിനോട് നിർദേശിക്കുകയായിരുന്നു. തമിഴ്നാട് മുഖ്യമന്ത്രി അത് സ്വീകരിച്ചു. ഓർഡിനൻസ് പുറപ്പെടുവിച്ചു. തുടർന്ന് നിയമം നിർമിച്ച് നിയമസഭയിലവതരിപ്പിച്ച് പാസ്സാക്കുകയും ചെയ്തു. തമിഴ്നാട്ടിൽ സംവരണവിരോധികളും, മുസ്‌ലിം-ക്രിസ്ത്യൻ വിരോധികളും ഇല്ലാതെയല്ല. പുതിയ മുസ്‌ലിം-ക്രിസ്ത്യൻ സംവരണനിയമവും കോടതിയിലെത്തിയിട്ടുണ്ട്. ആദ്യ വിധിയിൽ കോടതി നിയമത്തിന് അംഗീകാരം നൽകിയിരുന്നു. പക്ഷേ, സംവരണവിരുദ്ധർ വീണ്ടും ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. ഇനിയും തോൽക്കുകയാണെങ്കിൽ അവർ സുപ്രീംകോടതിയെ സമീപിക്കുമെന്ന് ഉറപ്പാണ്. ഒരുപക്ഷേ സുപ്രീംകോടതിയിൽനിന്ന് അനുകൂലവിധി നേടിയെന്നും വരാം. തമിഴ്നാട് ഗവൺമെന്റിന്റെ ഇഛാശക്തി അപ്പോഴും ഒരു പോംവഴി കണ്ടെത്തുമെന്നാണ് ന്യൂനപക്ഷങ്ങളുടെ പ്രതീക്ഷ. സുപ്രീംകോടതി വിധി എതിരായിട്ടും സംസ്ഥാനത്ത് 69 ശതമാനം സംവരണമുണ്ടല്ലോ. വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും. വേണ്ടെങ്കിലോ മരത്തിലും കായ്ക്കില്ല. ◆